തസ്തിക	പ്രതിമാസ ശമ്പളം (രൂപയിൽ)
1. മാനേജർ /ചീഫ് കോച്ച് (സിമ്മിംഗ്പൂൾ)	2100
2. കുക്ക് ഗ്രേഡ് 1	1800
3. അസിസ്റ്റന്റ് മാനേജർ /ബസ് ഡ്രൈവർ/ ടൈപ്പിസ്റ്റ്/ഇൻഫർമേഷൻ അസിസ്റ്റന്റ്.	1700
4. സെക്യൂരിറ്റി/ബോട്ട് ഡ്രൈവർ/മൊബൈൽ കഫ്റ്റേരിയ ഡ്രൈവർ.	1600
5. ഹെൽപ്പർ /ഗാർഡനർ/ക്ലീനർ (ബസ്) പ്യൂൺ/മെസ്സഞ്ചർ.	1500

(സി) കൗൺസിലിന്റെ ഓഫീസിൽ ജോലി ചെയ്യുന്ന എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ക്ലാർക്ക് കം-ടൈപ്പിസ്റ്റ്, ഡ്രൈവർ എന്നി മൂന്ന് തസ്തികകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടെയുള്ളവയാണ്. മറ്റു തസ്തികകളിൽ പ്രവർത്തിക്കുന്നവർ താൽക്കാലിക ജീവനക്കാർ മാത്രമാണ്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ വിവിധ യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്ന ആദായത്തിൽ നിന്നുമാണ് ജീവനക്കാർക്ക് ശമ്പളം നൽകേണ്ടത്. ഇതിന് യൂണിറ്റുകൾ ആദായകരമായി പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. എന്നാൽ യൂണിറ്റുകൾ പലതും ഇപ്പോൾ നഷ്ടത്തിലായതിനാലും ജീവനക്കാർ ആവശ്യത്തിലധികമായതിനാലും ഇവരെ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല. കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഈ വക കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്.

കൊടുങ്ങല്ലൂരിലെ സംരക്ഷിത സ്മാരകങ്ങൾ വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് നടപടി

195 (197) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിൽ സ്ഥിതി ചെയ്യുന്ന സംരക്ഷിതസ്മാരകങ്ങളായ പള്ളിപ്പുറം കോട്ട, കോട്ടപ്പുറം കോട്ട, ചേരമാൻ പറമ്പ് എന്നിവയുടെ സമഗ്ര അറ്റകുറ്റപ്പണികൾ നടത്തി ഒരു വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് പുരാവസ്തു വകുപ്പിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ശുപാർശ അംഗീകരിച്ച് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സഹായമായി 40 ലക്ഷം രൂപയും സംസ്ഥാനവിഹിതമായി 10 ലക്ഷം രൂപയും ചേർത്ത് 50 ലക്ഷം രൂപയുടെ പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നത്. കേന്ദ്രസഹായത്തിന്റെ ആദ്യഗഡുവും ലഭ്യമായിട്ടുണ്ട്. പുരാവസ്തുവകുപ്പുവഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly